ഇഹ്സാൻ

# ഉമർ മദനിയുടെ കപ്പലും സി.ഐ.എയും

**സമയവും** സാഹചര്യങ്ങളും തെളിവുകളും താൽപര്യങ്ങളും മറ്റൊരു വിധത്തിലും വ്യത്യാസപ്പെടാത്തതുകൊണ്ട് മുഹമ്മദ് ഉമർ മദനിയുടെ അറസ്റ്റിനെ കുറിച്ചും നമുക്ക് പതിവ് ചോദ്യങ്ങൾ ഉയർത്താവുന്നതേ ഉള്ളൂ. നേപ്പാളിലേക്ക് 25 വർഷം മുമ്പേ കുടിയേറിയ ഇയാൾ ദൽഹി പതിവായി സന്ദർശിക്കുന്നുണ്ടെങ്കിൽ അക്കാര്യം 1996ൽ തന്നെ നമുക്ക് മനസ്സിലാക്കാവുന്നതേ ഉണ്ടായിരുന്നുള്ളൂ. ദൽഹി പോലീസിന്റെ വാദമനുസരിച്ച് അന്നുതൊട്ടാണല്ലോ ഇയാൾ ലശ്കറെ ത്വയ്യിബക്കു വേണ്ടി ഇന്ത്യയിൽ റിക്രൂട്ടിംഗ് ആരംഭിച്ചത്. ലശ്കറെ ത്വയ്യിബ നേതാവ് ഹാഫിസ് സഈദുമായി ഈ മദനിക്ക് ബന്ധമുണ്ടെന്നതാണ് മാധ്യമങ്ങളിൽ നിറയുന്ന പ്രധാന ആരോപണം. ഹാഫിസിന് മുംബൈ സംഭവവുമായി ബന്ധമുണ്ടെന്ന് തെളിയിക്കാൻ പാകിസ്താൻ സർക്കാറിന് കഴിഞ്ഞില്ലെങ്കിലും ഇനിയൊരുപക്ഷേ ദൽഹി പോലീസിന് കഴിഞ്ഞുകൂടെന്നില്ല. പക്ഷേ ചില ചോദ്യങ്ങൾക്ക് അവർ ഉത്തരം പറയുക കൂടി വേണമല്ലോ. ദൽഹിയിൽ അയാൾ എങ്ങനെയാണ് തന്റെ സന്ദർശനം നടത്തിയിരുന്നത്? ആരായിരുന്നു സഹായത്തിന്? എവിടെയായിരുന്നു ഇത്രയും വർഷങ്ങളായി താമസിച്ചുകൊണ്ടിരുന്നത്? ദൽഹി പോലീസിന്റെ കണ്ണുവെട്ടിച്ച് പാകിസ്താനിൽ വേരുകളുള്ള, നേപ്പാളിൽ സ്ഥിരതാമസമാക്കിയ ഒരു സാക്ഷാൽ ഭീകരൻ ഇന്ത്യയിൽ വേരുറപ്പിച്ചതെങ്ങനെ?

നേപ്പാളുമായി ഇന്ത്യക്ക് ഉള്ളത്ര രഹസ്യാന്വേഷണ സഹകരണം മറ്റൊരു രാജ്യവുമായും നമുക്കില്ല. അവിടെ നിന്നും ഈ ഉമർ പാകിസ്താനിലേക്കു പോവുകയും വരികയും ചെയ്യുന്നു. സ്വാഭാവികമായും പാകിസ്താനിലുള്ളവരുമായി ഏതോ പ്രകാരത്തിൽ, ചുരുങ്ങിയ പക്ഷം എഴുത്തിലൂടെയെങ്കിലും തന്റെ സംഘടനാ ബന്ധം കാത്തുസൂക്ഷിക്കുന്നു. എന്നിട്ട് തന്റെ അനുബന്ധ നീക്കങ്ങൾക്കു വേണ്ടി ഇന്ത്യ ആവശ്യമുള്ളപ്പോഴൊക്കെ സന്ദർശിക്കുന്നു... 1996 മുതൽ നടന്നു വരുന്ന ഈ സംഭവങ്ങൾ നമ്മുടെ ശ്രദ്ധയിൽ പെടുന്നതേ ഇല്ല! ഒട്ടും അസ്വാഭാവികതയില്ലെന്നോ ഈ സംഭവങ്ങളിൽ?

ഇദ്ദേഹം പിടിയിലായത് 'ഞമ്മന്റെ' മിടുക്കുകൊണ്ടല്ലെന്ന് സമ്മതിക്കാനെങ്കിലും ദൽഹിയിലെ യജമാനൻമാർ തയാറായിട്ടുണ്ട്. പക്ഷേ അവർ പകരം പറയുന്ന പേര് ഭീകരതയുടെ അന്താരാഷ്ട്ര രംഗത്തെ ഏറ്റവും വലിയ കൂട്ടിക്കൊടുപ്പുകാരുടേതാണ്. മറ്റാരുമല്ല, അമേരിക്കൻ ചാരസംഘടനയായ സി.ഐ.എ ആണത്രെ ഇങ്ങനെയൊരു മുഹമ്മദ് ഉമർ ദൽഹിയിലേക്ക് വരുന്നുണ്ടെന്ന് ഇന്ത്യൻ പോലീസിന് വിവരം നൽകിയത്. പാകിസ്താൻ ബന്ധമുള്ള, നേപ്പാൾ സ്വദേശിയായ ഭീകരനെ കുറിച്ച് അമേരിക്കക്ക് അറിയാമായിരുന്നു. പക്ഷേ അദ്ദേഹം ജീവിച്ചുകൊണ്ടിരുന്ന രാജ്യത്തെ പോലീസിനും അദ്ദേഹത്തിന്റെ പ്രവർത്തന മേഖല വ്യാപിച്ചു കിടന്ന രാജ്യത്തുള്ള പോലീസിനും അറിയാമായിരുന്നില്ല എന്നർഥം! നേപ്പാൾ വഴി ഇയാൾ ഓപ്പറേറ്റു ചെയ്തത് അങ്ങനെയെങ്കിൽ സി.ഐ.എയുടെ അറിവോടു കൂടിയാണെന്ന് എന്തുകൊണ്ട് നമുക്ക് സംശയിച്ചു കൂടാ? അമേരിക്കയുടെ അറിവിലും റഡാറിലും മാത്രമായി ഇന്തോ പാക് ബന്ധമുള്ള ഒരു ഭീകരനോ? പിടിക്കപ്പെടുന്ന സമയത്ത് ഇന്ത്യയുടെ കള്ളനോട്ടുകൾക്കും നേപ്പാളിന്റെ കറൻസിക്കും പുറമെ ആശാന്റെ കൈയിൽ 8000 അമേരിക്കൻ ഡോളർ കൂടി ഉണ്ടായിരുന്നുവെന്നത് കൂട്ടത്തിൽ ചേർത്തു വായിക്കുക. അമേരിക്കൻ ഡോളർ പക്ഷേ കള്ളപ്പണം ആയിരുന്നില്ല. ഇന്റലിജൻസിനു വേണ്ടി പണിയെടുക്കുന്നവരുടെ പൊതു ദുരന്തത്തിന്റെ ഭാഗമായിരിക്കില്ലേ ഇയാൾ? ഇന്ത്യയിലും പാകിസ്താനിലും ഭീകരത പടർത്താൻ സി.ഐ.എ പണം ചെലവിടാൻ മടിക്കില്ലെന്ന് വിശ്വസിക്കാൻ ആ സംഘടനയുടെ ചരിത്രം പഠിച്ച ഒരാൾക്കും കഴിയില്ല. എന്തിന്റെ പേരിലാണോ തങ്ങൾക്ക് മറ്റു രാജ്യങ്ങൾ അതിക്രമിച്ചു കൈയടക്കേണ്ടത്, ആ ആവശ്യത്തിന് അനുകൂലമായ സാഹചര്യം നിലനിൽക്കാത്തിടത്ത് അതിനെ കൃത്രിമമായി സൃഷ്ടിച്ചെടുക്കുന്നതിനാണ് സി.ഐ.എക്ക് അമേരിക്കൻ ഭരണകൂടം ഫണ്ട് കൊടുക്കുന്നത്. ആവശ്യം കഴിഞ്ഞപ്പോൾ അമേരിക്ക ടിയാനെ ഒറ്റുകൊടുത്തതല്ല എന്ന് വിശ്വസിക്കാതിരിക്കാൻ ഇപ്പോഴത്തെ സി.ഐ.എയുടെ ചരിത്രം നമ്മെ അനുവദിക്കുന്നേയില്ല.

ഈ ആവശ്യം, അതല്ലെങ്കിൽ സാഹചര്യം എന്തായിരുന്നുവെന്ന് കണ്ടെത്താനും നമുക്ക് ഏറെയൊന്നും ബുദ്ധിമുട്ടേണ്ടതില്ല. മുംബൈ ആക്രമണത്തിന് പിന്നിൽ ലശ്കറെ ത്വയ്യിബയുടെ നേതാവ് ഹാഫിസ് സഈദിന് പങ്കുണ്ടായിരുന്നുവെന്ന് തെളിയിക്കാനായിട്ടില്ലെന്ന് ലാഹോർ ഹൈക്കോടതി വ്യക്തമാക്കിയതാണ് ഉമർ എന്ന 'ഇസ്പേഡിനെ' തഴഞ്ഞു കളിക്കാൻ സി.ഐ.എയെ പ്രേരിപ്പിച്ചിട്ടുണ്ടാവുക. ഇനി തെളിവ് നൽകേണ്ടത് സ്വാഭാവികമായും ഇന്ത്യയാണ്. ഇന്ത്യയും പാകിസ്താനുമല്ല സംഭവത്തിലെ യഥാർഥ പ്രതികളെന്ന് തെളിയിക്കാനാണ് എളുപ്പമെങ്കിലും അങ്ങനെ പാടില്ലെന്നാണല്ലോ അന്താരാഷ്ട്ര ഭീകര വിരുദ്ധ യുദ്ധത്തിലെ ചില 'അണ്ടർസ്റ്റാൻഡിംഗുകൾ'. മുംബൈ സ്ഫോടന പരമ്പരക്കു പിന്നിൽ അഭിനവ ഭാരതീയന്മാരല്ല ഉള്ളതെന്ന് തെളിയിക്കാൻ പിടിച്ച് അകത്താക്കിയ ഇന്ത്യയുടെ സ്വന്തം കോഴിയാണ് ശിഹാബുദ്ദീൻ അഹമ്മദ്. ജൂലൈ 2006ലെ സ്ഫോടനത്തിലെ പ്രതിയായ കമാൽ അഹ്മദിനെ താൻ പാകിസ്താനിൽ 'ട്രെയിനിംഗി'ലായിരുന്ന കാലത്ത് കണ്ടിട്ടുണ്ടെന്ന് ഇയാൾ സമ്മതിച്ചതായാണ് പോലീസ് പറയുന്നത്. കമാൽ അഹ്മദിനെ പാകിസ്താനിലേക്കയച്ചത് നേപ്പാൾ വഴി ഏതോ ഒരു മദനിയാണെന്ന് കേസിന്റെ രേഖകളിൽ നേരത്തെ തന്നെ ഉണ്ടുപോലും. ആ മദനിയാണ് ഈ മദനിയെന്നും തന്നെയും ഇയാളാണ് പാകിസ്താനിലേക്കു വിട്ടതെന്ന് ശിഹാബുദ്ദീൻ 'സമ്മതിക്കുകയും' ചെയ്താൽ പോലീസിന്റെ ഒരു ഭാഗ്യമേ! ഇപ്പോഴത്തെ സിദ്ധാന്ത പ്രകാരം തന്നെ ആവശ്യത്തിന് മരുന്നുണ്ടെങ്കിലും സി.ഐ.എയുടെ ആപൽക്കാല ബാന്ധവത്തോളം വലിയ സഹായമെന്ത്? ശിഹാബുദ്ദീന് കമാൽ അഹ്മദുമായി ബന്ധം. കമാലിന് മദനിയുമായി. മദനിക്കാകട്ടെ ഹാഫിസ് സഈദ് എന്ന സാക്ഷാൽ ലശ്കർ നേതാവുമായിട്ടും. പൊളിഞ്ഞല്ലോ പാകിസ്താന്റെ വാദങ്ങൾ.

തിരൂരിലേക്ക് താൻ കപ്പൽ അയച്ചുകൊടുത്തതു തൊട്ടുള്ള കഥകൾ നാം ആശങ്കയോടെ തന്നെ വായിക്കണം. പോലീസ് പറഞ്ഞ സ്ഥിതിക്ക് ശരിയായിരിക്കില്ലേ അത്? നേപ്പാളിലിരുന്ന് അതീന്ദ്രിയ ജ്ഞാനം വഴി ഉമർ കണ്ടെത്തിയ ഈ തീരദേശ ഗ്രാമത്തിൽ ഉമറിനെ അറിയുന്നവരെയോ അല്ലെങ്കിൽ ഈ കപ്പലിലേക്ക് കയറാൻ നിയുത്തു വെച്ചവരെയോ പോലീസിന് കണ്ടെത്താനാവാതെ പോയത് സ്വാഭാവികം. അങ്ങനെയുള്ളവരെ പിടികൂടണമെങ്കിൽ ഒന്നുകിൽ നേപ്പാളിൽ പോയവരെ കിട്ടണം. ചുരുങ്ങിയ പക്ഷം നേപ്പാളിലേക്ക് ഫോൺ ചെയ്തവരെയെങ്കിലും വേണം. ഇത്തരം പ്രയോഗിക യുക്തികൾ ഭീകരതയുടെ വാർത്തകൾ പ്രചരിപ്പിക്കുമ്പോൾ ആവശ്യമില്ലാത്തതു കൊണ്ട് ഉമറിന്റെ ജ്ഞാനത്തിൽ വെളിപ്പെട്ട ഈ കാര്യങ്ങൾ സത്യമാവുമെന്ന് വിശ്വസിച്ച് നമ്മളും 'ഭാരതീയൻ'മാരാവുക....